# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3271 11.12.2014 - ൽ മറുപടിക്ക്**

## ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പാലോട് രവി** | : | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്** |
| **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ** | : | **(പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
| **ശ്രീ. അൻവർ സാദത്ത്** | : | |
| **ശ്രീ. വി. പി. സജീന്ദ്രൻ** | : | |
| (എ) ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, ടാറിനോടൊപ്പം ഉപയോഗിച്ച് നിർമ്മിക്കപ്പെടുന്ന റോഡുകളുടെ ഗുണമേന്മ പഠനവിധേയ-മാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | | (എ) പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തെക്കുറിച്ച് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഗവേഷണ പഠനം നടത്തുകയും തിരുവനന്തപുരം റോഡ്സ് ഡിവിഷനു കീഴിലുള്ള പുല്ലാന്നിവിള - ചാവടിമുക്ക് റോഡ് 2006 ജനുവരിയിൽ 500 മീറ്റർ നീളത്തിൽ ഷ്രഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് ഉപരിതലം മെച്ചപ്പെടു-ത്തുകയും ചെയ്യുകയുണ്ടായി. ഈ റോഡിന്റെ ഗുണനിലവാരം 6 വർഷത്തോളം കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠന-വിധേയമാക്കുകയും സാങ്കേതിക-മായി വിജയമാണെന്ന് തെളിയിക്ക-പ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഏതെല്ലാം റോഡുകളാണ് ഇങ്ങനെ നിർമ്മിക്കാൻ ഉദ്ദേശി-ക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | | (ബി) ഇപ്പോൾ ഇത്തരത്തിലുള്ള പദ്ധതികളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ